ഉത്തരം

(എ) ആദിവാസി കോളനികളിൽ താമസിക്കുന്ന ആദിവാസികളെപ്പറ്റി നേരിട്ട് പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ പ്രാക്തന ഗോത്രവർഗ്ഗക്കാരെ സംബന്ധിച്ച് ഒരു പഠനം നടത്തിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചില കോളനികളിൽ മദ്യപിക്കുന്ന ആദിവാസികളുണ്ട്.

(ഡി) കുഷ്ഠം, ക്ഷയം, അനീമിയ മുതലായ രോഗങ്ങൾ ബാധിച്ചവർ ഉണ്ട്. പൊതുവിഭാഗങ്ങളുമായി താരതമ്യ പഠനം നടത്തിയിട്ടില്ല.

(ഇ) ആദിവാസികൾക്കിടയിൽ രോഗങ്ങൾ ബാധിച്ചവരെ ചികിത്സിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടെക്കൂടെ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങിയിട്ടുള്ള സ്ഥലങ്ങൾ

147 (2426) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിത പട്ടികജാതിക്കാർക്ക് ഭൂമി നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കേരളത്തിൽ എവിടെയെല്ലാമാണ് ഭൂമി വാങ്ങിയിട്ടുള്ളതെന്നും എന്തു വിലയ്ക്കാണ് വാങ്ങിയിട്ടുള്ളതെന്നുമുള്ളതിന്റെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂമി പട്ടികജാതിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വാങ്ങിയ മുഴുവൻ ഭൂമിയും വാസയോഗ്യമാണോയെന്നും വാസയോഗ്യമാക്കുവാൻ ഇനി സർക്കാർ തുക ചെലവാക്കേണ്ടതുണ്ടോയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഭൂരഹിത പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് ധനസഹായം നല്കുന്ന ഒരു പദ്ധതി നിലവിലുണ്ട്.

(ബി) സർക്കാർ ഭൂമി വാങ്ങി വിതരണം നല്കിയിട്ടില്ല. കേരളത്തിലെ എല്ലാ ജില്ലകളിലും പട്ടികജാതിക്കാർക്കുവേണ്ടി വീട് വയ്ക്കുന്നതിനു ഭൂമി വാങ്ങുന്നതിനും ധനസഹായം നല്കുന്ന ഒരു പദ്ധതി പട്ടികജാതി വികസന വകുപ്പിൽ നിലവിലുണ്ട്. ഇതനുസരിച്ച് എല്ലാ ത്രിതല പഞ്ചായത്തുകളിലും വീട് വായ്ക്കുന്നതിനായി ഭൂമി വാങ്ങിവരുന്നു. ഗ്രാമപ്രദേശങ്ങളിൽ 19,500 രൂപ ക്രമത്തിലും നഗരപ്രദേശങ്ങളിൽ 20,000 രൂപ ക്രമത്തിലും കോർപ്പറേഷൻ പ്രദേശത്ത് 25,000 രൂപ നിരക്കിലുമാണ് ഭൂമി വാങ്ങുന്നതിന് അനുവദിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

2002-03-ൽ ഭൂമി വാങ്ങിയവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	–	339
കൊല്ലം	–	246
പത്തനംതിട്ട	–	238
ആലപ്പുഴ	–	184
കോട്ടയം	–	431
ഇടുക്കി	–	305
എറണാകുളം	–	315
തൃശ്ശൂർ	–	169
പാലക്കാട്	–	340
മലപ്പുറം	–	320
കോഴിക്കോട്	–	221
വയനാട്	–	97
കണ്ണൂർ	–	303
കാസർഗോഡ്	–	507

(സി) പ്രസ്തുത ഭൂമി ഗുണഭോക്താക്കൾ തന്നെ കണ്ടെത്തി വാങ്ങിയിട്ടുള്ളതും സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായിട്ടാണ്. ആയതിന്റെ തുക പട്ടികജാതി വികസന വകുപ്പിൽ നിന്നും നല്കിയിട്ടുള്ളതുമാണ്.

(ഡി) സർക്കാർ ഭൂമി വാങ്ങി നല്കിയിട്ടില്ല. വാസയോഗ്യമായ ഭൂമിയാണ് ഗുണഭോക്താക്കൾ കണ്ടെത്തിയിട്ടുള്ളത്. അതിനാൽ സർക്കാർ ഇതിന് ഇനിയും തുക ചെലവഴിക്കേണ്ടതില്ല.

ഭൂരഹിതരായ ആദിവാസികൾക്ക് ലഭ്യമാക്കുന്ന ഭൂമി

148 (2427) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യാൻ ഇപ്പോൾ ലഭ്യമാക്കിയ 25000 ഏക്കർ ഭൂമി ഏതൊക്കെ ജില്ലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ വന ഭൂമി എത്രയാണ്, റവന്യൂ ഭൂമി എത്രയാണ്, തോട്ടം മേഖലയിൽനിന്നും ലഭ്യമാക്കിയിട്ടുള്ളത് എത്രയാണ് എന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly